"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് മണ്ണാർക്കാട് കോട്ടോപ്പാടം എയ്ഡഡ് ലോവർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ലീന എ. ഫയൽ ചെയ്ത ഡബ്ള്യൂ.പി.(സി) നം.6501/2022-ന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച 30.09.2022-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1655/2023/GEDN തീയതി, തിരുവനന്തപുരം, 01-03-2023

---

പരാമർശം:-

1. പാലക്കാട് മണ്ണാർക്കാട് കോട്ടോപ്പാടം എയ്ഡഡ് ലോവർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ലീന എ.യുടെ 14/02/2022-ലെ പുന:പരിശോധനാ ഹർജി(Ext P5).
2. ബഹു. കേരള ഹൈക്കോടതിയുടെ 30.09.2022-ലെ ഡബ്ള്യൂ.പി.(സി) നം.6501/2022-ന്മേലുള്ള വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24/01/2023 തീയതിയിലെ ജി1/148/2023/ഡിജിഇ നമ്പർ കത്ത്.
4. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24/01/2023-ലെ DEOMKD/24/2023-B1നമ്പർ കത്ത്.
5. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 23/01/2023-ലെ DDEPKD/903/2022-B2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് മണ്ണാർക്കാട് കോട്ടോപ്പാടം എയ്ഡഡ് ലോവർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ലീന എ. ഫയൽ ചെയ്ത ഡബ്ള്യൂ.പി(സി) നം.6501/2022-ന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (2) വിധിന്യായത്തിൽ ഹർജിക്കാരി സമർപ്പിച്ച എക്സിബിറ്റ് P5 പരിശോധനാ ഹർജി (പരാമർശം 1) ഹർജിക്കാരിയെയും 6-ാം എതിർ കക്ഷിയായ ടി സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കണമെന്ന് 1-ാം എതിർ കക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി. അതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 25/01/2023-ന് ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ കേട്ടു.

**2. ഹർജിക്കാരിയുടെ വാദം ചുവടെചേർക്കുന്നു:**

"റിവിഷൻ ഹർജിക്കാരി 15.7.2008 മുതൽ എൽ.പി.എസ്.ടി. ആയി അധിക തസ്തികയിൽ നിയമിതയായി. 15.07.2008 മുതൽ 31.5.2011 വരെയുള്ള കാലഘട്ടത്തിലെ നിയമനാംഗീകാരത്തിനും, ശമ്പളത്തിനും വേണ്ടിയാണ് റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്.

റിവിഷൻ ഹർജിക്കാരിയുടെ നിയമനം അധ്യാപക പാക്കേജിന്റെ ഭാഗമായി 01.06.2011 മുതൽ അംഗീകരിച്ചുവെങ്കിലും നിയമന തീയതി മുതൽ അംഗീകാരം ലഭ്യമായിട്ടില്ല. 17.08.2005-ലെ ജി.ഒ.(പി)317/2005 പ്രകാരം അധിക തസ്തികകളിലെ നിയമനത്തിന് നിരോധനം ഏർപ്പെടുത്തിയിരുന്നു. പ്രസ്തുത നിരോധനം 12.1.2010-ലെ ജി.ഒ.(പി)10/10 പ്രകാരം ചില നിയന്ത്രണങ്ങളോടുകൂടി അധികതസ്തിക നിയമനത്തിന് അംഗീകാരം നൽകുന്നതിന് ഉത്തരവായിട്ടുള്ളതാകുന്നു. റിവിഷൻ ഹർജിക്കാരിയുടെ മാനേജർ 12.01.2010-ലെ ജി.ഒ.(പി) 10/10 പ്രകാരം ബോണ്ട് സമർപ്പിച്ചിട്ടില്ല.

ഇക്കാര്യത്തിൽ ബഹു.കേരള ഹൈക്കോടതി നിരവധി കേസുകളിൽ വിധി പ്രസ്താവിച്ചിട്ടുണ്ട്. പ്രധാനമായും WP(C)No.6039/2012-ലെ വിധി ഇക്കാര്യത്തിൽ പ്രസക്തമാകുന്നു. മാനേജർമാർ 10/10 പ്രകാരം ബോണ്ട് നൽകിയിട്ടില്ലെങ്കിലും ബോണ്ട് നൽകിയതായി കണക്കാക്കി നിയമനം ലഭിച്ച തീയതി മുതൽ അംഗീകാരം നൽകി അവരുടെ ശമ്പളം നൽകേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതി State of Kerala V/S Sumadevi and others വിധിയുടെ അടിസ്ഥാനത്തിൽ റിവിഷൻ ഹർജി പരിഗണിക്കപ്പെടേണ്ടതാണെന്ന് വിധി പ്രസ്താവിച്ചിട്ടുണ്ട്. ബോണ്ട് നൽകാത്തതിന്റെ പേരിൽ ആനുകൂല്യങ്ങൾ നിഷേധിക്കരുതെന്ന് ബഹു.കേരള ഹൈക്കോടതി ഉത്തരവായിട്ടുള്ളതാകുന്നു. ആകയാൽ 15.7.2008 മുതൽ 31.5.2011 വരെയുള്ള റിവിഷൻ ഹർജിക്കാരിയുടെ നിയമനം അംഗീകരിച്ച് ഉത്തരവാകണമെന്ന് ഇതിനാൽ അപേക്ഷിക്കുന്നു."

**3. സ്കൂൾ മാനേജരുടെ വാദം ചുവടെ ചേർക്കും പ്രകാരം ബോധിപ്പിച്ചിട്ടുണ്ട്:**

" 2008-2009 വർഷം അനുവദിച്ച അധിക തസ്തികയിൽ 15.7.2008 മുതൽ ശ്രീമതി.എ.ലീനയെ നിയമിച്ചു. ഈ നിയമനം G.O.(P)199/2011/G.Edn dated 1.10.2011-ന്റെ ബലത്തിൽ K.Dis/D/3691/2011 തീയതി 22.12.2011 പ്രകാരം 1.6.2011 മുതൽ മണ്ണാർക്കാട് എ.ഇ.ഒ. അംഗീകരിച്ചു. 15.7.2008 മുതൽ 31.5.2011 വരെയുള്ള കാലത്തെ നിയമനം അംഗീകരിച്ചു കിട്ടുന്നതിന് വേണ്ടിയാണ് ശ്രീമതി.ലീന ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളത്.

ശ്രീമതി.ലീനയുടെ 15.7.2008 മുതലുള്ള നിയമനം 1.6.2011 മുതൽ മാത്രം അംഗീകരിച്ചത് അന്നത്തെ ഉത്തരവുകൾ അനുസരിച്ചായിരിക്കുമല്ലോ. നിലവിലെ സർക്കാർ ഉത്തരവുകൾ അനുശാസിക്കുന്നുവെങ്കിൽ ശ്രീമതി.ലീനയുടെ 15.7.2008 മുതൽ 31.5.2011 വരെയുള്ള നിയമനം അംഗീകരിക്കുന്നതിൽ മാനേജർക്ക് വിരോധമൊന്നുമില്ല.

G.O.(P).10/10/G.Edn dated 12.1.2010 പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിച്ചിട്ടില്ല. ബോണ്ട് സമർപ്പിച്ചിട്ടുണ്ട് എന്ന അനുമാനത്തിൽ ശ്രീമതി.ലീനയുടെ 15.7.2008 മുതൽ 31.5.2011 വരെയുള്ള നിയമനം അംഗീകരിക്കുന്നതുമൂലം ഉണ്ടായേക്കാവുന്ന നഷ്ടങ്ങൾക്ക് മാനേജർ ഉത്തരവാദിയാകുന്നതല്ല എന്ന് സവിനയം ബോധിപ്പിക്കുന്നു.

G.O.(P).10/10/G.Edn dated 12.1.2010-ന് എതിരെ മാനേജർമാർ സമർപ്പിച്ച ഹർജികൾ അപ്പക്സ് കോടതിക്ക് മുമ്പാകെയാണെന്ന് ഈ റിട്ട് ഹർജിയിലെ 30.9.2022-ലെ വിധിയിൽ പരാമർശിച്ചിട്ടുണ്ട്. ഇതിൽ അന്തിമവിധി വരുന്നതിനുമുമ്പ് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിക്കേണ്ടതാണ്."

**4. വിദ്യാഭ്യാസ ഓഫീസർമാരുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:**

"ശ്രീമതി ലീന എ.യെ കോട്ടോപ്പാടം ഈസ്റ്റ് എ.എൽ.പി.എസ്.ൽ 2008-09 വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിലേക്ക് 15.07.2008 മുതൽ മാനേജർ നിയമിക്കുകയും

അംഗീകാരത്തിനായി പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ 17.08.2005-ലെ സർക്കാർ ഉത്തരവ് (പി) നം.317/2005 പൊ.വി.വ പ്രകാരം അധികതസ്തിക സൃഷ്ടിക്കുന്നതിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ 18.09.2008-ലെ ഡി/1587/2008 നമ്പർ ഉത്തരവ് പ്രകാരം 2008-09 വർഷം അധിക തസ്തിക അനുവദിച്ചു നൽകിയിരുന്നില്ല.

സർക്കാർ ഉത്തരവ് (പി)നം.10/10/പൊ.വി.വ തീയതി 12.01.2010, സർക്കാർ ഉത്തരവ് (പി)നം.199/2011/പൊ.വി.വ തീയതി 1.10.2011 എന്നീ ഉത്തരവുകൾ പ്രകാരം 2008-09 മുതൽ 2010-'11 വർഷം വരെയുള്ള തസ്തിക നിർണ്ണയ ഉത്തരവ് പുനർനിർണ്ണയിച്ച് നൽകുകയും, 2008-09 വർഷം മുതൽ 2 അധിക എൽ.പി.എസ്.ടി. തസ്തിക അനുവദിച്ചു നൽകുകയും ചെയ്തിരുന്നു. 2006-07 മുതലുള്ള അധിക തസ്തികയിലെ നിയമനങ്ങൾ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 12.01.2010-ലെ സർക്കാർ ഉത്തരവ് (പി)നമ്പർ 10/10/പൊ.വി.വ പ്രകാരം തത്തുല്യ എണ്ണം സംരക്ഷിതാധ്യാപകരെ നിയമിച്ചുകൊള്ളാമെന്ന ബോണ്ട് മാനേജർ നാളിതുവരെയും സമർപ്പിച്ചിട്ടില്ലെന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനെ തുടർന്ന് നിയമനാംഗീകാരമില്ലാതെ ജോലി ചെയ്തു വരുന്ന ശ്രീമതി ലീന എ. അധ്യാപക പാക്കേജിൽ ഉൾപ്പെടുകയും സർക്കാർ ഉത്തരവ് (പി) നം.199/2011/പൊ.വി.വ തീയതി 01.10.2011, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നമ്പർ എച്ച്2/35920/2011/ഡി.പി.ഐ തീയതി 12.12.2011 എന്നിവയുടെ അടിസ്ഥാനത്തിൽ മണ്ണാർക്കാട് എ.ഇ.ഒ.യുടെ ഡി/3691/2011/കെ.ഡിസ് തീയതി 22.12.2011 ഉത്തരവ് പ്രകാരം ശ്രീമതി ലീന എ.യുടെ നിയമനം 01.06.2011 മുതൽ തുടർച്ചയായി അംഗീകരിച്ചു നൽകിയിട്ടുണ്ടെന്നും, അന്ന് മുതലുള്ള ശമ്പളാനുകൂല്യങ്ങളും ടിയാരിക്ക് ലഭിച്ചു വരുന്നുണ്ടെന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്.

നിയമനാംഗീകാരം ലഭിക്കാതെയിരുന്ന 15.07.2008 മുതൽ 31.05.2011 വരെയുള്ള കാലത്തെ നിയമനം അംഗീകരിച്ചു തരണമെന്നു കാണിച്ചാണ് ടിയാരി ബഹു.ഹൈക്കോടതി മുമ്പാകെ ഹർജി സമർപ്പിച്ചിട്ടുള്ളത്. അധിക തസ്തികയിലെ നിയമനങ്ങളിൽ 1:1 അനുപാതം പാലിക്കണം എന്ന സർക്കാർ നിർദ്ദേശങ്ങൾ സംബന്ധിച്ച ഹർജിയിന്മേൽ ബഹു.സുപ്രീംകോടതിയിൽ കേസ് നിലനിൽക്കുന്നതിനാലും അത് സംബന്ധിച്ച് അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും ശ്രീമതി ലീന എ.യുടെ 15.07.2008 മുതൽ 31.05.2011 വരെയുള്ള നിയമനാംഗീകാരം സർക്കാർ നിർദ്ദേശങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ മാത്രമേ അംഗീകരിച്ചു നൽകാൻ നിർവ്വാഹമുള്ളൂ എന്നറിയിക്കുന്നു."

**5.** സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ശ്രീമതി ലീന എ.യെ കോട്ടോപാടം ഈസ്റ്റ് എ.എൽ.പി.എസ്-ൽ 15.7.2008 മുതൽ പ്രതീക്ഷിത അധിക തസ്തികയിൽ മാനേജർ നിയമിച്ചു. എന്നാൽ 17.8.2005-ലെ സ.ഉ.(പി)317/2005/പൊ.വി.വ പ്രകാരം അധിക തസ്തിക സൃഷ്ടിക്കുന്നതിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നതിനാൽ നിയമനം അംഗീകരിച്ചു നൽകിയിരുന്നില്ല. തുടർന്ന്, ടി നിരോധന കാലയളവിലെ നിയമനങ്ങൾ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 12.1.2010-ലെ സ.ഉ.(പി)10/10/പൊ.വി.വ പ്രകാരം തത്തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചുകൊള്ളാമെന്ന ബോണ്ട് മാനേജർ ഇതുവരെയും സമർപ്പിച്ചിട്ടില്ല. അദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ടതിനെ തുടർന്ന് ടിയാളുടെ നിയമനം 1.6.2011 മുതൽ തുടർച്ചയായി അംഗീകരിച്ചു നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, സമാന വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ കണക്കിലെടുത്ത്

കോട്ടോപ്പാടം ഈസ്റ്റ് എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി.ലീന എ.യുടെ 15.7.2008 മുതൽ 31.5.2011 വരെയുള്ള അധിക തസ്തികയിലെ നിയമനം, ടി കാലയളവിൽ ടിയാൾക്ക് നിലനിൽക്കുവാൻ ആവശ്യമായ തസ്തിക ലഭ്യമാണെങ്കിൽ, മറ്റു വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ, സ.ഉ.(പി).10/2010/പൊ.വി.വ തീയതി 12.1.2010 പ്രകാരം സ്കൂൾ മാനേജർ ബോണ്ട് സമർപ്പിച്ചിട്ടുള്ളതാണെന്ന അനുമാനത്തിൽ, ഇക്കാര്യത്തിൽ ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന അപ്പീൽ ഹർജിയുടെ അന്തിമ വിധിന്യായത്തിന് വിധേയമായി അംഗീകരിച്ചു നൽകുന്നതിന് മണ്ണാർക്കാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, പാലക്കാട് മണ്ണാർക്കാട് കോട്ടോപ്പാടം എയ്ഡഡ് ലോവർ പ്രൈമറി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ലീന എ. സർക്കാരിൽ ഫയൽ ചെയ്ത പരാമർശം 1 (Ext.P5) റിവിഷൻ ഹർജി തീർപ്പാക്കി, അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (2) കോടതി വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡീഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട് ജില്ല .
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട് ജില്ല.
മാനേജർ, എയ്ഡഡ് ലോവർ പ്രൈമറി സ്കൂൾ, കോട്ടേപ്പാടം , മണ്ണാർക്കാട്, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എയ്ഡഡ് ലോവർ പ്രൈമറി സ്കൂൾ, കോട്ടേപ്പാടം, മണ്ണാർക്കാട്, പാലക്കാട്.
ശ്രീമതി. ലീന എ., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ, എയ്ഡഡ് ലോവർ പ്രൈമറി സ്കൂൾ, കോട്ടേപ്പാടം , മണ്ണാർക്കാട്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 01-03-2023 16:16:16

സെക്ഷൻ ഓഫീസർ